**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 34** **22-06-2026-ൽ മറുപടിയ്ക്ക്**

**പി.ആർ.ഡി.യിലെ പുറംകരാറുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ചാണ്ടി ഉമ്മൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളുടേയും ജനസമ്പർക്ക പ്രവർത്തനങ്ങളുടേയും പ്രചരണത്തിന്റെ ഭാഗമായി പബ്ലിക് റിലേഷൻസ് വകുപ്പിനു പുറമേയുള്ള ഏതെങ്കിലും ഇവന്റ് മാനേജ്മെൻറ് /പരസ്യ സ്ഥാപനങ്ങൾക്ക് കരാറുകൾ നൽകിയിരുന്നോ; വിശദമാക്കാമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളുടേയും ജനസമ്പർക്ക പ്രവർത്തനങ്ങളുടേയും പ്രചരണത്തിന്റെ ഭാഗമായി പി.ആർ.ഡി.യ്ക്ക് പുറമേയുള്ള ഇവന്റ് മാനേജ്മെന്റ് /പരസ്യ സ്ഥാപനങ്ങൾക്ക് കരാറുകൾ നൽകിയിട്ടില്ല.

**(ബി)** ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾക്ക് കരാർ നൽകുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പ് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; കരാർ ലഭിച്ച സ്ഥാപനത്തിന്റെയും ഉടമയുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ബാധകമല്ല

**(സി)** കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ റീലുകൾ/സോഷ്യൽ മീഡിയ കണ്ടന്റ് ക്രിയേഷൻ, പത്രങ്ങൾ, പോസ്റ്ററുകൾ, ഹോർഡിംഗുകൾ എന്നിവയിലൂടെ പരസ്യം നൽകിയ ഇനത്തിൽ ആകെ ചെലവായ തുക എത്രയാണെന്ന വ്യക്തമാക്കാമോ?

**മറുപടി:** കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഇൻഫോ വീഡിയോ/ റീൽ നിർമാണത്തിനായി 37,34,800/- രൂപയും (മുപ്പത്തി ഏഴ് ലക്ഷത്തി മുപ്പത്തിനാലായിരത്തി എണ്ണൂറ് രൂപ മാത്രം) സോഷ്യൽ മീഡിയ കണ്ടന്റ് ക്രിയേഷനായി 1,56,70,246/- രൂപയും ( ഒരു കോടി അമ്പത്തിയാറ് ലക്ഷത്തി എഴുപതിനായിരത്തി ഇരുന്നൂറ്റി നാല്പത്തി ആറ് രൂപ മാത്രം) പോസ്റ്ററുകൾക്കായി 2,78,18,411/- രൂപയും ( രണ്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി പതിനെണ്ണായിരത്തി നാനൂറ്റി പതിനൊന്ന് രൂപ മാത്രം) ഹോർഡിംഗുകൾക്കായി 7,61,23,724/- രൂപയും ( ഏഴ കോടി അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) പത്രങ്ങൾ മുഖേന പരസ്യം നൽകിയതിന് 161,55,88,975/- രൂപയും ( നൂറ്റി അറുപത്തിയൊന്ന് കോടി അമ്പത്തിഅഞ്ച് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം ) ചെലവായിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**